प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA
वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022 2261 0835 फैक्स/Fax: 91 22 22660358

ഒക്ടോബർ 17, 2018

**ബസ്തി (യു.പി.) യിലെ അർബൻ സഹകരണബാങ്ക് ലിമിറ്റഡിനുമേൽ പിഴ ചുമത്തി**

1949-ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് (സഹകരണസംഘങ്ങൾക്കു ബാധകമാംവിധം) സെക്ഷൻ 47A (1) (c) ഒപ്പം സെക്ഷൻ 46 (4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം, റിസർവ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിക്ഷിപ്തമായിട്ടുള്ള അധികാരമുപയോ ഗിച്ച്, ബസ്തി (യു.പി) യിലെ അർബൻ സഹകരണ ബാങ്ക് ലിമിറ്റഡിനുമേൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ 10,00,000/- രൂപ (രൂപ പത്തുലക്ഷം മാത്രം) യുടെ പണപ്പിഴ ചുമത്തി. ആർ.ബി.ഐ.യുടെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ ഓൺസൈറ്റ് എ.ടി.എം. സ്ഥാപിക്കുന്നതിനെ സംബന്ധിച്ചുള്ള ആർബിഐ നിർദ്ദേശങ്ങളും മാർഗ്ഗരേഖകളും ലംഘിച്ചതിനും, വായ്പാ വ്യവസ്ഥകൾ (exposure norms), നിയമംമൂലമുള്ളവയും, മറ്റുള്ളവയും, സംബന്ധിച്ച നിയന്ത്രണങ്ങൾ ലംഘിച്ചതിനും യു.സി.ബി. കളുടെ കെവൈസി/ എ.എം.എൽ., യു.സി.ബി.കൾ നടത്താവുന്ന നിക്ഷേപങ്ങൾ എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ ലംഘിച്ചതിനുമാണ് ഈ പിഴ ചുമത്തിയിട്ടുള്ളത്.

റിസർവ് ബാങ്ക് ഓഫ് ഇന്ത്യ സഹകരണ ബാങ്കിനു നൽകിയ ഒരു കാരണം കാണിക്കൽ നോട്ടീസിന് ബാങ്ക് രേഖാമൂലമുള്ള ഒരു മറുപടി സമർപ്പിച്ചു. കേസിൻറെ വസ്തുതകളും ബാങ്കിൻറെ ഇക്കാര്യങ്ങളിലുള്ള മറുപടിയും പരിഗണിച്ചശേഷം, റിസർവ്ബാങ്ക് ഓഫ് ഇന്ത്യ, ഈ ലംഘനങ്ങളെല്ലാം സാരവത്താണെന്നും, പിഴശിക്ഷ നൽകേണ്ടത് ആവശ്യമാണെന്നുമുള്ള നിഗമനത്തിൽ എത്തുകയായിരുന്നു.

അജിത് പ്രസാദ്
അസിസ്റ്റൻറു അഡ്വൈസർ

പ്രസ്സ് റിലീസ് 2018-2019/909